പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.333 — 04.06.2018 ൽ മറുപടിക്ക്

## തിരുവങ്ങൂർ സി.എച്ച്.സി

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂർ സി.എച്ച്.സി.യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ആർദ്രം പദ്ധതിയിൽ സി.എച്ച്.സി കളെ ഉൾപ്പെടുത്തുമ്പോൾ എത്ര തസ്തികകളാണ് ഒരു സി.എച്ച്.സി.യിൽ സൃഷ്ടിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള തസ്തികകൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. |
| (സി) | മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയിൽ ലഭ്യമാവുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നേഴ്സിംഗ് കൗൺസലിങ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീചെക്കപ്പും കൗൺസലിങ്ങും, വൈകിട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ജില്ലാ താലൂക്ക് തല ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി അധിക തസ്തികകളും സൃഷ്ടിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ